# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **211/2026** തീയതി : **07/10/2026**

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി നീട്ടി

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ FYUGP (ഇമ്പ്രൂവ്മെന്റ് & സപ്ലിമെന്ററി) ഡിസംബർ 2025 (2024 അഡ്മിഷൻ) പരീക്ഷയുടെയും നാലാം സെമസ്റ്റർ FYUGP മെയ് 2026 (2024 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെയും പുനർമൂല്യനിർണയത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഒക്ടോബർ 26 വരെ ദീർഘിപ്പിച്ചു.

### പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ (2024–2026 ബാച്ച്), സി.എസ്.എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷകളുടെ ഫലവും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല 2026 ഏപ്രിൽ മാസം വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എം.എ മലയാളം ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എ മ്യൂസിക് (വോക്കൽ), എം.എ മ്യൂസിക് (വീണ) ആൻഡ് എം.എ മ്യൂസിക് (വയലിൻ) പരീക്ഷകളുടെ ഫലവും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനക്കുള്ള അപേക്ഷ 2026 ഒക്ടോബർ 15 വരെ www.slcm.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഹിയറിംഗിന്റെ വേദി മാറ്റിവെച്ചു

സർവ്വകലാശാലയുടെ വിവിധ പരീക്ഷകളിൽ ക്രമക്കേട് ആരോപണം നേരിടുന്ന വിദ്യാർത്ഥികളുടെ ഹിയറിംഗിനായി 2026 ഒക്ടോബർ 13 ന് ( ചൊവ്വാഴ്ച) Standing Committee of the Syndicate on Teaching and Non-Teaching Staff of Private Colleges & Students' Discipline-ന്റെ യോഗത്തിന്റെ വേദി പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ സെനറ്റ് ഹാളിൽ നിന്നും പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ഡീൻസ് റൂമിലേക്ക് (Faculty Guest House) മാറ്റിയിരിക്കുന്നു. ഹിയറിംഗിന്റെ തീയതിയിലും സമയക്രമത്തിലും മാറ്റമില്ല.

### പരീക്ഷാകേന്ദ്രം അനുവദിച്ചു

കേരള സർവകലാശാല 2026 ഒക്ടോബർ 12 മുതൽ നടക്കുന്ന എൽ.എൽ.ബി. പരീക്ഷകൾ കേരള ലോ അക്കാദമി ലോ കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അതേ കോളേജിൽ തന്നെ എഴുതുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജിൽ നടക്കുന്ന പരീക്ഷകൾ സർവകലാശാലയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ, സർവകലാശാല നിയോഗിക്കുന്ന അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ നടത്തുന്നതാണ്.

# സ്പോർട്സ് ക്വിസ് സംഘടിപ്പിക്കുന്നു

കേരള കായിക ദിനത്തിന്റെ ഭാഗമായി കേരള സർവകലാശാല കായികപഠന വകുപ്പ് സംഘടിപ്പിക്കുന്ന ഇന്റർ കോളേജിയറ്റ് സ്പോർട്സ് ക്വിസ് 2026 ഒക്ടോബർ 13-ാം തീയതി രാവിലെ 11 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ കായിക പഠന വകുപ്പിൽ വച്ച് പ്രാഥമിക ക്വിസ് മത്സരം നടത്തുകയും അതിൽ വിജയിക്കുന്നവരെ യൂണിവേഴ്സിറ്റി സെനറ്റ് ചേംബറിൽ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ഫൈനൽ മത്സരത്തിൽ പങ്കെടുപ്പിക്കുകയും വിജയിക്കുന്ന മത്സരാർത്ഥികൾക്ക് സമ്മാനദാനം നൽകുന്നതുമാണ്.

ഒരു കോളേജിൽ നിന്നും രണ്ടു പേരടങ്ങുന്ന ഒരു ടീമിന് മത്സരിക്കാൻ അർഹതയുണ്ട്. കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ, കേരള സർവകലാശാല പഠനവകുപ്പുകൾ, യു.ഐ.ടി., യു.ഐ.എം., കെ.യു.സി.ടി.ഇ തുടങ്ങിയവയിലെ വിദ്യാർത്ഥികൾക്കാണ് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം സർവകലാശാല തുടങ്ങിയവയിലെ നൽകുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ള മത്സരാർത്ഥികൾ കോളേജ് പ്രിൻസിപ്പൾ/അതാതു വകുപ്പു മേധാവിയുടെ കത്തുമായി 9.30 ന് തന്നെ കായിക പഠന വകുപ്പിലെ (യൂണിവേഴ്സിറ്റി സ്റ്റേഡിയം) രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:**ku.release@keralauniversity.ac.in